# വലിയ നോമ്പിലെ പ്രഭാത സ്തുതി

അഖിലേശാ! യോഗ്യത നൽകണമേ നിൻവര ദാനത്താൽ
പാപം കൂടാതിന്നീയടിയാർ നീതിയിൽ നിവസിച്ചീടാനായ്
വാഴ്വുടയോനേ! താതൻമാർതൻ നാഥാ!
ദേവേശാ! തിരുനാമം സ്തോത്രാർഹം
കീർത്തനയോഗ്യം താനെപ്പൊഴുമാമ്മീൻ.

നീ മാത്രം ശരണം നാഥാ!
ഞങ്ങളോടാർദ്രതയും കനിവും തോന്നേണം
വാഴ്വുടയോനേ! കാട്ടിത്തന്നീടണമേ
ഞങ്ങൾക്കായ് കൽപ്പനതൻ മാർഗ്ഗം
വാഴ്വുടയോനേ! കാരുണ്യത്താൽ നിൻ
നിയമത്തിൻവഴി കാണിക്കേണം
വാഴ്വുടയോനേ! പരിശുദ്ധാ! നേടീടേണം
നിൻ പ്രഭയാൽ പ്രഭ ഞങ്ങൾ.
നിൻവരമെന്നേക്കും നിലനിൽക്കേണം.
നിൻ കൈപ്പണിയെക്കർത്താവേ! കൈവിട്ടീടല്ലേ.

സ്തോത്രം തേയോഗ്യം
യോഗ്യം മഹിമാവും
കീർത്തനവും യോഗ്യം
ജനകാത്മജ വിമലാത്മാവേ!
സതതം ശാശ്വതമായാമ്മീൻ.

**അല്ലെങ്കിൽ**

സകലത്തിന്റെയും ഉടയവനായ കർത്താവേ! നിന്റെ അനുഗ്രഹങ്ങളാൽ ഇന്നേദിവസം പാപം കൂടാതെ നീതിയിൽ കാത്തുകൊള്ളപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം എന്നേക്കും പുകഴ്ത്തപ്പെട്ടതും സ്തുതിക്കപ്പെട്ടതുമാകുന്നു.

കർത്താവേ! ഞങ്ങളുടെ ശരണം നിന്റെമേൽ ഇരിക്കുന്ന പ്രകാരം നിന്റെ കൃപയും കരുണയും ഞങ്ങളുടെമേലും ഉണ്ടായിരിക്കണമേ.

നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കല്പനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമേ. നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കൃപകൊണ്ട് നിന്റെ ന്യായപ്രമാണത്തിന്റെ വഴി ഞങ്ങളെ തിരിച്ചറിയിപ്പിക്കേണമേ.

നീ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധനായ കർത്താവേ! നിന്റെ സകല പ്രകാശങ്ങളാലും ഞങ്ങളെ പ്രകാശിപ്പിക്കേണമേ. എന്നേക്കും നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെമേൽ ഉണ്ടായിരിക്കേണമേ. കർത്താവേ! നിന്റെ കൈവേലയെ നീ നിരസിച്ചു തള്ളിക്കളയരുതേ. നിനക്ക് സ്തുതി യോഗ്യമാകുന്നു. നിനക്കു സ്തുതി ചേർച്ചയാകുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോനേ! എന്നേക്കും നിനക്ക് മഹത്വം യുക്തമാകുന്നു. ആമ്മീൻ.